**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1663 04.10.2016-ൽ മറുപടിയ്ക്ക്**

## 'കളിയിലൂടെ ആരോഗ്യം' പദ്ധതി

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.എ.പ്രദീപ്കുമാർ<br>ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.കാരാട്ട് റസാഖ്<br>ശ്രീ.ആന്റണി ജോൺ** | **ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും<br>വകുപ്പുമന്ത്രി)** |
| (എ) കായികമേഖലയുടെ ഉന്നമനത്തിനായി സർക്കാർ ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയാണ് ; നിലവിലുള്ള കായികനയം പുതുക്കി സമഗ്രമായ നയം പ്രഖ്യാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കാമോ ; | (എ) ഗ്രാമീണമേഖലയിൽ കായിക പരിശീലന സൗകര്യങ്ങൾ ഉറപ്പുവരുത്തുകയും അതിലൂടെ യഥാർത്ഥ കായികപ്രതിഭകളെ കണ്ടെത്താനും, സമഗ്ര പരിശീലനം ലഭ്യമാക്കുന്നതിനുമായി 08.07.2016-ൽ ബഹു.ധനകാര്യവകുപ്പ് മന്ത്രി പുതുക്കിയ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ട് നടത്തിയ ബഡ്ജറ്റ് പ്രസംഗത്തിൽ സ്പോർട്സ് സൗകര്യ വികസനത്തിന് പ്രത്യേക പരിഗണന നൽകുന്നതിലേക്കായി 14 ജില്ലകളിലും ഓരോ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനായി 500 കോടി രൂപയും എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം തയ്യാറാക്കുന്നതിനുള്ള വിശദമായ ഡി.പി.ആർ സ്പോർട്സ് വകുപ്പ് തയ്യാറാക്കി ഘട്ടംഘട്ടമായി നടപ്പിലാക്കുമെന്നും, തുടക്കമെന്ന നിലയിൽ 2016-17 സാമ്പത്തിക വർഷം 25 മിനി സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് 135 കോടി രൂപയും പ്രത്യേക നിക്ഷേപ പദ്ധതിയിൽ നിന്നും കണ്ടെത്തുന്നതാണെന്നും പ്രഖ്യാപിച്ചിട്ടുണ്ട്.<br><br>സംസ്ഥാനത്ത് സമഗ്രമായ കായികനയം രൂപീകരിക്കുന്നതു സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവപരിഗണനയിലാണ്. |
| (ബി) 'കളിയിലൂടെ ആരോഗ്യം' എന്ന പദ്ധതിയുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ; ഇതു നടപ്പിലാക്കാൻ സ്കൂളുകൾക്ക് സർക്കാർ ധനസഹായം നൽകുമോ ; എല്ലാ സ്കൂളുകളിലേക്കും ഈ പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ; | (ബി) **പ്ലേ ഫോർ ഹെൽത്ത്:** പ്രൈമറി സ്കൂൾ തലം മുതൽ ഓരോ കുട്ടിയേയും കായിക വിനോദങ്ങളിലേർപ്പെടുത്തുവാൻ അതത് സ്കൂളുകളിൽ തന്നെ സൗകര്യങ്ങളും സ്ഥലവും പ്രദാനം ചെയ്യുക വഴി കേരളത്തിലെ ഭാവി വാഗ്ദാനങ്ങളായ സ്കൂൾ കുട്ടികൾക്കിടയിൽ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനായി കേരള സർക്കാർ വിഭാവനം ചെയ്ത് നടപ്പിലാക്കുന്ന പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്.<br>**ലക്ഷ്യങ്ങൾ:**<br>1. കുട്ടികളിൽ ശാരീരികവും മാനസികവുമായ ആരോഗ്യവും ബുദ്ധിപരവുമായ വികസനവും ഓർമ്മ ശക്തിയും വികസിപ്പിച്ചെടുക്കുക<br>2. കുട്ടികളെ കായിക ലോകത്തെ പരിചയപ്പെടുത്തുക. |

3. കായികക്ഷമത വർദ്ധിപ്പിക്കുന്നതോടൊപ്പം കുട്ടികളിൽ കായികാഭിരുചി വളർത്തുവാനും വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും പദ്ധതി സഹായകരമാണ്.
4. കളികളുടെ ലോകം പരിചയപ്പെടുത്തുന്നതോടൊപ്പം പ്രധാനപ്പെട്ട കായിക വിനോദങ്ങളുടെ പ്രാഥമികപാഠങ്ങൾ പഠിപ്പിച്ച് ഭാവിയിൽ അനുയോജ്യമായത് തെരഞ്ഞെടുക്കുവാൻ കുട്ടികളെ പ്രാപ്തരാക്കുക.
5. ചുറ്റുപാടുമായി ഐക്യത്തോടെ സമൂഹത്തിൽ സുരക്ഷിതവും ചിട്ടയോടുകൂടിയ ജീവിതശൈലി വളർത്തിയെടുക്കുവാനും കുട്ടികളിൽ പൗരബോധം, സുരക്ഷിതത്വം, പ്രഥമശുശ്രൂഷ, സ്വയം സംരക്ഷണം, പ്രകൃതി സംരക്ഷണം, റോഡ് സുരക്ഷ എന്നീ ഗുണങ്ങൾ വളർത്തിയെടുക്കുവാനും ഈ പദ്ധതി സഹായകമാകും. ആരോഗ്യവും ഉത്തരവാദിത്വ ബോധവുമുള്ള ഒരു തലമുറയെ വളർത്തിയെടുക്കുന്നതിനുമുള്ള ഒരു ചവിട്ടുപടികൂടിയാണ് ഈ പദ്ധതി.

സ്കൂളുകൾക്ക് സർക്കാർ നേരിട്ട് ധനസഹായം അനുവദിക്കുന്നില്ല. കായിക യുവജനകാര്യാലയം മുഖേന പദ്ധതി നടപ്പിലാക്കുകയാണ് ചെയ്യുന്നത്. പദ്ധതിയുടെ ആദ്യ ഘട്ടമെന്ന നിലയിൽ തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ 5 സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കി വരികയാണ്. ഈ സാമ്പത്തിക വർഷത്തിൽ 20 സ്കൂളുകളിൽ പ്ലേ ഫോർ ഹെൽത്ത് പദ്ധതി നടത്തുവാൻ ഉദ്ദേശിക്കുന്നു. ഇതുകൂടാതെ ഈ വർഷം മുതൽ മൂന്ന് സ്ഥലങ്ങളിൽ സാധാരണ പൗരന്മാർക്ക് ആരോഗ്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി കമ്മ്യൂണിറ്റി ഹെൽത്ത് സ്കീം നടപ്പിലാക്കും.

| | | | |
|---|---|---|---|
| (സി) | കായിക സംഘടനകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; ഇവയിൽ മിക്കവയുടെയും പ്രവർത്തനം ജനാധിപത്യരീതിയിൽ അല്ലെന്ന പരാതി പരിശോധിക്കുമോ ; കായികരംഗത്തെ വികസനത്തിനുതകും വിധത്തിൽ കായിക സംഘടനകളുടെ പ്രവർത്തനം പുന:സംഘടിപ്പിക്കുമോയെന്ന് വിശദമാക്കുമോ ? | (സി) | വിലയിരുത്താറുണ്ട്. കായിക സംഘടനകളുടെ പ്രവർത്തനം ജനാധിപത്യ രീതിയിൽ അല്ലെന്നുള്ളത് സംബന്ധിച്ച് പരാതികൾ ലഭിക്കുകയാണെങ്കിൽ അവ പരിശോധിച്ച് ടി സംഘടനകളുടെ പ്രവർത്തനം പുന:സംഘടിപ്പിയ്ക്കുന്നതിന് നടപടികൾ സ്വീകരിയ്ക്കുന്നതാണ്. ഇതിനായി 31.08.2016-ൽ കൂടിയ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അഡ്മിനിസ്ട്രേറ്റീവ് ബോർഡ് യോഗം പ്രസിഡന്റ് ഉൾപ്പെട്ട 3 അംഗ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |

Manj M

സെക്ഷൻ ഓഫീസർ